Shri E. P. Gopalan: The amendments moved by Shri Ramappa may also be accepted.

പ്രധാന ഭേദഗതി അംഗീകരിച്ചെങ്കിൽ സ്വാഭാവികമായും കോൺസിക്വൻഷ്യലായി വരുന്നതും അംഗീകരിച്ചെന്നാണ് അതിന്റെ അർത്ഥം.

ശ്രീ. പി. കെ. വാസുദേവൻ നായർ: ആ ഭേദഗതികളും അക്സപ്റ്റ് ചെയ്യുന്നു.

The amendments moved by Shri M. Ramappa, viz.

1. In Rule 2 (c) add "or a Member of the Legislative Assembly" after the words "Leader of the Opposition" at the end of the sentence.

2. In Rule 2 (d) add "or a Member of the Legislative Assembly" after the words "the Leader of the Opposition" were put and adopted.

The question that Rule 2, as amended, stands part of the Bill was put and carried.

Rule 2, as amended, was added to the Bill.

Consideration of amendments to notification G. O. (Ms.) No. 371/78/GAD dated August 10, 1978 (S.R.O. No. 910/78) containing the Government dues from Members (Deduction from Allowances) Rules, 1978.

Shri. E. Chandrasekharan Nair: Sir, I move:

1. In Rule 3 in between the words "by a Member" and the words "to the Government" insert the words "in his capacity as such Member".

2. Recast Rule 4 as follows:

"4. If the Member objects to the claim of the Government Department on the ground that the amount claimed is not the amount liable to be paid in his capacity as a Member of the Legislative Assembly the Secretary shall have the right to decide whether the whole or part of the amount claimed is Government dues payable by the Member in his capacity as a Member".

3. Recast Rule 5 (1) as follows:

"The Secretary, shall, after deciding the objection if any under Rule 4 or if there is no objection after the termination of the period of notice, forward a statement in the form annexed to these Rules in duplicate to the Treasury Officer concerned to effect the recovery and to transfer credit the amount so recovered to the head of account specified by the Department concerned".

സർ, ഇതും എം.എൽ.എ. മാരെ ബാധിക്കുന്ന എസ്.ആർ.ഒ. യ്ക്കുള്ള ഭേദഗതിയാണ്. എം. എൽ. എ. യുടെ അലവൻസിൽനിന്നും പിടിക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ് ഇത്. എം. എൽ. എ. എന്നുള്ള നിലയിൽ ജോലി ചെയ്യുന്നതിനിടയിൽ ഡ്യൂസ് ആണ് എന്നുള്ളത് ആര്

LIBRARY ARCHIVES Kerala Legislative Assembly

നിശ്ചയിക്കണം എന്നുള്ളതാണ്. ഡ്രാഫ്റ്റർ എസ്. ആർ. ഒ. യിൽ പറഞ്ഞിരിക്കുന്നത് അനുസരിച്ച് ഏത് വകുപ്പിലെ ഉദ്യോഗസ്ഥനും എം. എൽ. എ. കൊടുക്കാൻ ഉള്ളതാണെന്ന് പറഞ്ഞുകൊണ്ട് നടപടികൾ സ്വീകരിക്കാനുള്ള അവകാശമുണ്ടെന്നാണ്. അത് ഭംഗിയാണെന്ന് തോന്നുന്നില്ല. എം.എൽ.എ., എം. എൽ. എ. എന്നുള്ള നിലയിൽ കൊടുക്കേണ്ടതാണെന്ന് തീരുമാനിക്കാനുള്ള അവകാശം സ്പീക്കർക്കോ അല്ലെങ്കിൽ ഇവിടത്തെ സെക്രട്ടറിക്കോ ആയിരിക്കണം.

മി. സ്പീക്കർ: സ്പീക്കർ അതിനൊന്നും വേണ്ട.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഈ ഭേദഗതി അംഗീകരിക്കുകയോ അംഗീകരിക്കാതിരിക്കുകയോ ചെയ്യാം. പല എസ്. ആർ. ഒ. കളെ സംബന്ധിച്ചിടത്തോളവും ഈ വകുപ്പിൽനിന്നും വ്യത്യസ്തമായി വലിയ കുഴപ്പമുണ്ട്. ഞങ്ങൾക്ക് യഥാർത്ഥത്തിൽ ആ എസ്. ആർ. ഒ. പഠിക്കാനുള്ള സമയം കിട്ടുന്നില്ല. എന്റെ അഭിപ്രായത്തിൽ ഒരു നിയമസഭാ സാമാജികൻ ഏതെങ്കിലും ഡ്യൂസ് കൊടുക്കാനുണ്ടെങ്കിൽ, ഏതെങ്കിലും ഡിപ്പാർട്ടുമെൻറിന് ഇൗടാക്കാനുണ്ടെങ്കിൽ അവർ അത് നിയമസഭാ സെക്രട്ടറിയെ അറിയിക്കുകയും നിയമസഭാ സെക്രട്ടറി തീരുമാനിക്കുന്നതനുസരിച്ച് ഇൗടാക്കുകയും ചെയ്യുന്നതായിരിക്കും നല്ലത്. അതുകൊണ്ട് എന്റെ ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. പി. കെ. വാസുദേവൻനായർ: അങ്ങയുടെ സെക്രട്ടേറിയേറിന് ഇത് ചെയ്യാൻ സാധിക്കുമെന്നുണ്ടെങ്കിൽ ഈ ഭേദഗതി സ്വീകരിക്കുന്നതിന് എനിക്ക് വിരോധമില്ല. അത് പരിഗണിച്ചതിനുശേഷം നാളെ എടുത്താൽ മതിയെങ്കിൽ അതാണ് നല്ലത്. കാരണം അതിന്റെ നടപടിക്രമങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണ ആവശ്യമുണ്ട്.

മി. സ്പീക്കർ: അത് നമുക്ക് നാളെ എടുക്കാം.

ശ്രീ. ഇ. പി. ഗോപാലൻ: ഡ്യൂസിന്റെ ഭേദഗതിയുടെ കാര്യത്തിൽ എല്ലാ കക്ഷികൾക്കും ഇടയിൽ എസ്. ആർ. ഒ. കളുടെ ഭേദഗതികൾ പെട്ടുപോകുന്നതുകൊണ്ട് വളരെ ശ്രദ്ധിച്ചാലും കാണാൻ സാധിക്കുകയില്ല. അതുകൊണ്ട് എനിക്കുള്ള അഭിപ്രായം എസ്. ആർ. ഒ. പ്രത്യേകമായി മെമ്പർമാർക്ക് കിട്ടത്തക്കവിധത്തിൽ ഏർപ്പാട് ചെയ്താൽ തരക്കേടില്ലെന്നാണ്. എല്ലാ കാര്യത്തിലും മെമ്പർമാർക്ക് ഇടപെടാനും ഭേദഗതിയായി അവതരിപ്പിക്കാനും വേണ്ടി ഇങ്ങനെയുള്ള ഒരു നിർദ്ദേശം കൊടുക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കരോട് അഭ്യർത്ഥിക്കുകയാണ്.

VI. ധനകാര്യം

1979-80 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ച

ധനാഭ്യർത്ഥന നമ്പർ XV—പൊതുമരാമത്ത്

മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): സർ, പൊതുമരാമത്ത് എന്ന 15-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 39,16,13300 രൂപയുടെ ഗ്രാൻറ് അനുവദിക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly